മിസ്റ്റർ എം. ഒ. തോമക്കുട്ടി: 8,000 കൊല്ലമേ ആയിട്ടുള്ളു എന്നാണു് എന്റെ അറിവു്. അന്നുമുതൽ ഇന്നുവരെ ജീവിച്ചുവന്ന ഒരു ജീവിതരീതിക്കു വിപരീതമായ ഒരു ജീവിതരീതി ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കാനാണൊ ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നതു"?

Mr. President: Anyway, that question does not arise here, I mean the creation of the world. (Laughter)

റാവു ബഹദൂർ ടി. കെ. നായർ: മദ്യവർജ്ജനം എന്നതിനെ സംബന്ധിച്ചും അതിന്റെ തത്വങ്ങളെക്കുറിച്ചും മറ്റും ഇവിടെ ഈ ചോദ്യോത്തരസമയത്തു മറുപടി പറയാൻ വിഷമമാണു്. Information വല്ലതും വേണമെങ്കിൽ തരാം. അതായതു കുടിക്കുന്ന ആളുകളെ അതിൽനിന്നും വിരമിപ്പിക്കാനാണു പ്രധാനോദ്ദേശം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെയുള്ള സദാചാരോപദേശങ്ങൾ കൊടുത്തു ആളുകളെ നന്നാക്കാനാണെങ്കിൽ അതിനു പള്ളികളിൽ ആളുകളുണ്ടല്ലൊ.

മിസ്റ്റർ പി. നാരായണമേനോൻ: മദ്യവർജ്ജനം നടപ്പിലാക്കുന്നതുകൊണ്ടു തൊഴിലില്ലാതെ ആകുന്ന ആളുകൾക്കു തൊഴിൽ കൊടുക്കാനുള്ള വല്ല പദ്ധതികളും ഉണ്ടാക്കീട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: അതും ആലോചിക്കേണ്ടതാണു്. അതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടു്.

DYEING SECTION—CHERPU INDUSTRIAL CENTRE

114. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) ചേർപ്പു് ഇണ്ടസ്ട്രിയൽ സെണ്ടറിലെ ഡൈയിംഗ് സെക്ഷൻ ഇപ്പോൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ചോദ്യത്തിനു മറുപടി തരുന്നതുവരെ [illegible] ആ സെക്ഷനിലെ വരവു, ചിലവു്, സ്റ്റോക്കു് ഇവ എത്ര?

മിസ്റ്റർ സി. ഇ. ഇയ്യുണ്ണി:

(എ) ഉവ്വു്.

(ബി) സ്റ്റോറുമെണ്ടുകളും അനുബന്ധമായി ചേർത്തിരിക്കുന്നു. (Please see Appendix I).

TEMPORARY BRIDGE AT PORINGALKUTHU

115. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) പെരിങ്ങൽകുത്തിൽ പണി ചെയ്തിരിക്കുന്ന ടെമ്പററി ബ്രിഡ്ജിനു് എത്ര ഉപ്പിക ചിലവായി;

(ബി) ആ പാലം എത്രകാലം നിലനിൽക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു പണിയിച്ചിരിക്കുന്നതു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ:

(എ) [illegible] ഉപ.

(ബി) ഉദ്ദേശം അഞ്ചു കൊല്ലം.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഈ പണിക്കു എസ്റ്റിമേറുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്തതാണു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ആരാണു് സൂപ്പർവിഷൻ ചെയ്തതു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടു നേരിട്ടു പണി നടത്തുമ്പോൾ സൂപ്പർവിഷൻ നടത്തുന്നതാരാണൊ ആ ആൾതന്നെ പതിവനുസരിച്ചു ഈ പണിയും നോക്കിക്കാണും.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽനിന്നു മരം കൊടുത്തിരുന്നില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to Question No. 114)

STATEMENT

Stock on 1—1—1122	Purchase in 1122	Total	Issue in 1122 till date	Balance Stock
Rs. A. P. 1,037—12—1	Rs. A. P. 566—15—11	Rs. A. P. 1,604—12—0	Rs. A. P. 49— 5— 1	Rs. A. P. 1,555— 6—11

APPENDIX II

(Please see answer to Question No. 119)

NOTICE

Quotations addressed to the Executive Engineer, Hydro Electric Branch, Durbar Hall, Ernakulam, are invited for the following works so as to reach him before 3 p.m. on Friday, 7th March 1947.

2. Rate for transporting stores from Chalakkudi Store to the store at Peringalkuthu. A flat rate per ton per mile is to be quoted irrespective of quantity to be handled at any time.

Office of the Chief Engineer,
Hydro Electric Branch,
Durbar Hall, Ernakulam,
25th February 1947.

(Sd.)

For Chief Engineer

APPENDIX III

(Please see answer to Question No. 133)

വഴിക്കുവഴി നമ്പ്	എ	ബി.		സി.
	സംസ്കൃത പാഠശാലകൾ	ക്ലാസ്സുകൾ	അദ്ധ്യാപകന്മാർ	ഗ്രാൻറ് രൂ.
൧	എസ്സ്. എൻ. വി. സംസ്കൃതം സ്കൂൾ, എത്തർ	൪	൪	൩൫
൨	കേരളവർമ്മ സംസ്കൃതം സ്കൂൾ, തൃശിവപുരം	൪	൪	൭൫
൩	സംസ്കൃതം സ്കൂൾ, തോട്ടറ	൫	൫	൨൦
൪	എസ്സ്. എൻ. ജി. സംസ്കൃതം സ്കൂൾ, കണിമംഗലം	൫	൪	൩൦
൫	കേരള ലക്ഷ്മി സംസ്കൃതം സ്കൂൾ, പെരുവനം	൪	൪	൩൦
൬	രാജർഷി സംസ്കൃതം സ്കൂൾ, കിഴക്കുംപാട്ടുകര	൪	൪	൨൦
൭	എൽ. എൻ. സംസ്കൃതം സ്കൂൾ, നെന്മാറ	൫	൪	൭൫

LIBRARY ARCHIVES Kerala Legislative Assembly